**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **09-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമവികസന പദ്ധതി നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികളുടെ നിർവഹണത്തിൽ കാലതാമസം നേരിടുന്നതും യഥാസമയം ഫണ്ട് അനുവദിച്ച് നൽകാത്തതും മൂലം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കായുള്ള ക്ഷേമവികസന പദ്ധതികൾ പ്രതിസന്ധിയിൽ ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികളുടെ നിർവഹണത്തിന് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി യഥാസമയം ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നുണ്ട് . |
| (ബി) | സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; | (ബി) | സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും, ഇരുപത്തി അഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ ഗ്രാമങ്ങളെ തെരെഞ്ഞെടുത്തു ഓരോ ഗ്രാമകൾക്കുള്ളിലെ റോഡ് / നടപ്പാത, കുടിവെള്ള വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഭവനപുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമാണം, പൊതുവായ സൗകര്യ മെച്ചപ്പെടുത്തൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഓരോ ഗ്രാമത്തിന് ഒരു കോടി രൂപ വകയിരുത്തുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമം പദ്ധതി. അഞ്ചോ അതിൽ കൂടുതലോ കുടുംബങ്ങൾ വസിക്കുന്ന പട്ടികജാതി നഗറുകളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികളിലുള്ള നിർണ്ണായക വിടവ് നികത്തുന്നതിനായി കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്ന് തുക കണ്ടെത്തി വരുന്നുണ്ട് . കുടിവെള്ളം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം എന്നിവ സംബന്ധിച്ച പദ്ധതികൾക്കാണ് ഈ ശീർഷകത്തിൽ നിന്ന് പട്ടികജാതി നഗറുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി തുക വകയിരുത്തി വരുന്നത് . |

| | | | |
|---|---|---|---|
| | | | ഇവ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയും പട്ടികജാതി നഗറുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിലൂടെ എല്ലാ ഊരുകളിലും കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും, സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ റോഡ് സൗകര്യമൊരുക്കുന്നതിന് കോർപ്പസ് ഫണ്ട്, നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ച് വരുന്നു. നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദേശ പ്രകാരം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന റോഡുകൾക്ക് വനം വകുപ്പിന്റെ അനുമതിയും സ്ഥലലഭ്യത ഉറപ്പ് വരുത്തിയതുമായ പദ്ധതി ശുപാർശകൾക്ക് മാത്രമേ ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ . |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ വികസന പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ഉറപ്പാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന ബജറ്റിന്റെ 9.8 ശതമാനമാണ് വർഷങ്ങളായി വകയിരുത്തി വരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി യഥാസമയം ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമ വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗക്കാർക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ തുടക്കം മുതൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നുണ്ട് . വാർഷിക പദ്ധതികളുടെ രൂപീകരണ വേളയിലും പട്ടികവർഗ്ഗക്കാരുമായി ചർച്ച നടത്തിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന ക്ഷേമവികസന ഫണ്ടുകൾ യഥാസമയം വിനിയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു . ഓരോ വർഷവും പ്രസ്തുത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നു എന്ന ഉറപ്പ് വരുത്തുന്നതിന് അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ് എന്നിവയുടെയും വകുപ്പ് തലത്തിലുള്ള പരിശോധനകൾ മുഖേനയും സേവനങ്ങളുടെ ഫലപ്രാപ്തി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ